ബസ്സു സർവ്വീസിനെപ്പറ്റി നിവേദനം.

165 [19] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്–മണ്ണാർക്കാട്–പെരുന്തൽമണ്ണ വഴി കോഴിക്കോട്ടേയ്ക്കും, കണ്ണൂക്കുമോടുന്ന ബസ്സുകളിൽ ഏതെങ്കിലുമോ അല്ലെങ്കിൽ പുതിയ ബസ്സുകളോ പാലക്കാട്–കൊങ്ങാട്ട് പെരിന്തൽമണ്ണ വഴി ആക്കണമെന്നു വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുത്തുവോ; എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാര്യം പരിഗണനയിലിരിക്കുന്നു.

UNSTARRED QUESTIONS POSTED FOR ANSWER ON 30-1-1964.

പറക്കോട്–ഐവർകാലറോഡ്.

166 [3] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറക്കോട്–ഐവർകാലാ റോഡ് (വടക്കേടത്തുകാവു വഴി) നന്നാക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ റോഡിൽ പറക്കോട്ട ചന്തയ്ക്ക് സമീപം ഒരു പാലം പണി ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പണി പൂർത്തിയായോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും?

ഉത്തരം.

(എ) പറക്കോട്ടനിന്നും വടക്കേടത്തുകാവു വരെയുള്ള ഭാഗം മെറ്റൽ ചെയ്തു കഴിഞ്ഞു. ബാക്കി ഭാഗം ധനദൗർലഭ്യം കാരണം ഇപ്പോൾ നന്നാക്കുവാൻ നിർവാഹമില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കുന്നത്തൂർ താലൂക്കിലെ റവന്യൂ ആഫീസുകൾ

167. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൻറെ കീഴിലുള്ള ആഫീസുകളിൽ ആവശ്യമായ ഉപകരണങ്ങളുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ആഫീസുകളിൽ ;

(സി) ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്ത ആഫീസുകളിൽ അവ സപ്ലൈ ചെയ്യുന്നതിനു എത്ര കാലതാമസം പിടിക്കും ?

LIBRARY ARCHIVES Kerala Legislative Assembly